# പതിമുന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 363 15.07.2015 - ൽ മറുപടിയ്ക്ക്

**മുല്ലപ്പെരിയാറിൽ പരിസ്ഥിതി ആഘാത പഠനം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. തോമസ് ചാണ്ടി<br>ശ്രീ. എ.കെ.ശശീന്ദ്രൻ | | പി.ജെ ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയുന്നതിന്റെ മുന്നോടിയായുള്ള പരിസ്ഥിതി ആഘാതപഠനം നടത്താൻ കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി അപ്രൈസൽ സമിതിയുടെ ജൂൺ 4, 2015 ലെ യോഗം അനുമതി നൽകിയിട്ടുണ്ടോ ; | (എ) | മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയുന്നതിന്റെ മുന്നോടിയായി പരിസ്ഥിതി ആഘാതപഠനം നടത്തുന്നതിന് ആവശ്യമായ നിരാക്ഷേപപത്രത്തിനുള്ള (NOCയ്ക്കുള്ള) അപേക്ഷ; നിലവിലുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് സംസ്ഥാന സർക്കാർ ദേശീയ വന്യജീവി ബോർഡിന്റെ (NBWL- ന്റെ) പരിഗണനയ്ക്കായി സമർപ്പിക്കുകയും; ദേശീയ വന്യജീവി ബോർഡിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശുപാർശയുടെയും കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ 26.09.2014-ലെ ഓഫീസ് മെമ്മോറാണ്ടത്തിന്റെയും അടിസ്ഥാനത്തിൽ ചീഫ് വൈൽഡ് ലൈഫ് വാർഡൻ പരിസ്ഥിതി ആഘാതപഠനത്തിനുള്ള അനുമതി നല്കുകയുമുണ്ടായി. നിലവിലുള്ള വ്യവസ്ഥ പ്രകാരം പരിസ്ഥിതി-ആഘാതപഠനത്തിനുള്ള അനുമതിയോടൊപ്പം; പഠനത്തിന്റെ രൂപരേഖയ്ക്ക് (Terms of Reference) വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റിയുടെ അംഗീകാരം കൂടി ആവശ്യമാണ്. പ്രസ്തുത അംഗീകാരം ലഭ്യമാക്കുന്നതിനുള്ള അപേക്ഷയും കേരളം സമർപ്പിച്ചിരുന്നു.<br><br>കേരളം സ്വീകരിച്ചുവരുന്ന പര്യവേഷണ |

ജോലികളും, പരിസ്ഥിതി ആഘാതപഠനത്തിനുള്ള നടപടികളും നിർത്തിവെക്കണമെന്ന കാര്യത്തിൽ ഉത്തരവുണ്ടാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് തമിഴ്നാട് ബഹു. സുപ്രീംകോടതിയിൽ ഇടക്കാല ഹർജി ഫയൽ ചെയ്തിട്ടുണ്ട്. ടി ഇടക്കാല ഹർജിയിന്മേൽ അന്തിമ തീരുമാനം ആയിട്ടില്ല.

പരിസ്ഥിതി ആഘാതപഠനത്തിന്റെ രൂപരേഖ (TOR) അംഗീകരിക്കുന്നതിനായി കേരളം സമർപ്പിച്ചിരുന്ന അപേക്ഷ; കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിന്റെ എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റിയുടെ 04.06.2015-ൽ ചേർന്ന യോഗത്തിൽ പരിഗണനയ്ക്കായി എടുത്തിരുന്നു. കേരളത്തിന്റെ ആവശ്യങ്ങൾ പരിഗണനാർഹമാണെന്ന് സമിതിയോഗത്തിൽ അഭിപ്രായ രൂപീകരണമുണ്ടായെങ്കിലും; തമിഴ്നാട് ബഹു. സുപ്രീംകോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ഇടക്കാല ഹർജിയിന്മേൽ തീരുമാനമാകുന്നതുവരെ; കേരളം സമർപ്പിച്ച അപേക്ഷയിന്മേൽ തീരുമാനമെടുക്കുന്ന കാര്യം നീട്ടിവെക്കുവാനാണ് (defer ചെയ്യുവാനാണ്) Expert Appraisal Committee നിശ്ചയിച്ചിട്ടുള്ളതെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) പരിസ്ഥിതി അപ്രൈസൽ സമിതി ഈക്കാര്യം നിഷേധിച്ച കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിന്റെ അപേക്ഷ പരിസ്ഥിതി അപ്രൈസൽ സമിതി നിഷേധിച്ചതായി രേഖാമൂലമുള്ള അറിയിപ്പൊന്നും ലഭിച്ചിട്ടില്ല. ഇത്തരത്തിലുള്ള ചില പത്രക്കുറിപ്പുകൾ (Press release) ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്.

(സി) ഉണ്ടെങ്കിൽ പരിസ്ഥിതി ആഘാതപഠനം നടത്താൻ നടപടി സ്വീകരിയ്ക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുമോ?

(സി) പുതിയ ഡാമിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പരിസ്ഥിതി ആഘാതപഠനം (EIA Study) കഴിവതും വേഗം തുടങ്ങുവാനുള്ള നിയമാനുസരണ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. നടപടിക്രമങ്ങളിലെ

കാലതാമസം ഒഴിവാക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും നിയമ വിദഗ്ദ്ധരുടെ ഉപദേശം കൂടി ആരാഞ്ഞുകൊണ്ട് സ്വീകരിക്കണമെന്നുള്ളതാണ് സർക്കാർ നിലപാട്.

സെക്ഷൻ ഓഫീസർ